# രാജ്യാന്തര സഹകരണ മ്യൂസിയം: ഉടമ്പടി രേഖകൾ കൈമാറി

കോഴിക്കോട്● കാരശ്ശേരി ബാങ്ക് അരയിടത്തുപാലത്തു നിർമിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ രാജ്യാന്തര സഹകരണ മ്യൂസിയത്തിന്റെ നിർമാണ ഉടമ്പടി രേഖകൾ കാരശ്ശേരി ബാങ്കും നിർമാണം ഏറ്റെടുത്തിരിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും പരസ്പരം കൈമാറി.

ബാങ്ക് ഡയറക്ടറും മുൻ പൊതു വിദ്യാഭ്യാസ ഡയറക്ടറുമായ ലിഡാ ജേക്കബും യുഎൽസിസി എൻജിനീയർ ഡി.എൻ. ഷിബിയും ചേർന്നു 15 നില കെട്ടിടത്തിന്റെ രൂപരേഖ അനാച്ഛാദനം ചെയ്തു.



കാരശ്ശേരി ബാങ്കിന്റെ സഹകരണ മ്യൂസിയത്തിന്റെ കെട്ടിട രൂപരേഖ ബാങ്ക് ഡയറക്ടർ ലിഡ ജേക്കബും യുഎൽസിസി എൻജിനീയർ ഡി.എൻ. ഷിബിയും ചേർന്ന് അനാവരണം ചെയ്യുന്നു.

ബാങ്ക് ചെയർമാൻ എൻ.കെ. അബ്ദുറഹിമാൻ അധ്യക്ഷ്യം വഹിച്ച ചടങ്ങിൽ ബാങ്ക് ജനറൽ മാനേജർ എം. ധനീഷ്, കോർപറേഷൻ കൗൺസിലർ എം. സെലീന, എൻ.സി. മോയിൻകുട്ടി, സി. വത്സലൻ, റിട്ട. സഹകരണ ജോയിന്റ് റജിസ്ട്രാർ സി. ജനാർദനൻ, റിട്ട. പിഡബ്ല്യുഡി സൂപ്രണ്ടിങ് എൻജിനീയർ കെ. പ്രമോദ്, കോർപറേഷൻ ഓഡിറ്റിങ് ജോയിന്റ് ഡയറക്ടർ യു.പി. അബ്ദുൽ മജീദ് എന്നിവർ പ്രസംഗിച്ചു.

150 കോടി രൂപ ചെലവഴിച്ചാണു കാരശ്ശേരി ബാങ്ക് കോഴിക്കോട്ട് രാജ്യാന്തര സഹകരണ മ്യൂസിയം നിർമിക്കുന്നത്.

ലോകത്തെ 172 വർഷത്തെ സഹകരണ പ്രസ്ഥാനങ്ങളുടെ ചരിത്രവും ഇന്ത്യയുടെ 112 വർഷത്തെ സഹകരണ ചരിത്രവും കേരളത്തിന്റെ സഹകരണ ചരിത്രവും വെളിപ്പെടുത്തുന്നതായിരിക്കും മ്യൂസിയമെന്നു ചെയർമാൻ എൻ.കെ. അബ്ദുറഹിമാൻ പറഞ്ഞു.

ലോകത്തെ രണ്ടാമത്തെ സഹകരണ മ്യൂസിയമാണിതെന്നും ആദ്യത്തേതു മാഞ്ചസ്റ്ററിലാണെന്നും അദ്ദേഹം പറഞ്ഞു.